5517265/2022

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

നം. A1/42/2022-IandPRD-Part(1)

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (എ) വകുപ്പ്

തിരുവനന്തപുരം,

തീയതി: 01-12-2022

## സർക്കുലർ

വിഷയം:- ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പിലെ ജീവനക്കാർ കോൺഫിഡൻഷ്യൽ റിപ്പോർട്ട് ഓൺലൈൻ ആയി സമർപ്പിക്കുന്നത് - സംബന്ധിച്ച്

സൂചന:- 1.പൊതുഭരണ (സി.ആർ സെൽ) വകുപ്പിന്റെ 18/08/2021-ലെ സ.ഉ(സാ.ധാ) നം.3113/ 2021/പൊഭവ. നമ്പർ ഉത്തരവ്

2.05/05/2022-ലെ എ1/42/2022/ഐ&പിആർഡി നമ്പർ നടപടിക്രമം

വിവരസാങ്കേതിക വിദ്യ അടിസ്ഥാനമാക്കി ജീവനക്കാരുടെ സേവനകാര്യങ്ങൾ ഡിജിറ്റലൈസ് ചെയ്യുന്നതിന്റെ ഭാഗമായി കോൺഫിഡൻഷ്യൽ റിപ്പോർട്ടുകൾ ഓൺലൈൻ മുഖേന സമർപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചതിന്റെ ഭാഗമായി എല്ലാ സംസ്ഥാന സർക്കാർ ജീവനക്കാരും 2021 സെപ്റ്റംബർ 1 മുതൽ കോൺഫിഡൻഷ്യൽ റിപ്പോർട്ടുകൾ ധനകാര്യ വകുപ്പ് വികസിപ്പിച്ചെടുത്ത SCORE എന്ന വെബ് അധിഷ്ഠിത സോഫ്റ്റ് വെയർ മുഖേന (www.score.kerala.gov.in) സമർപ്പിക്കുവാൻ നിർദ്ദേശം നൽകി പൊതുഭരണ (സി.ആർ സെൽ) വകുപ്പിന്റെ സൂചന (1) ഉത്തരവ് പ്രകാരം ഉത്തരവാകുകയുണ്ടായി.

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പിൽ ഇപ്പോഴും മാന്വലായി കോൺഫിഡൻഷ്യൽ റിപ്പോർട്ടുകൾ സമർപ്പിച്ചു വരുന്നതിനാൽ ഡി.പി.സി കൂടുന്നതിനും, പ്രൊമോഷൻ സംബന്ധിച്ച കാര്യങ്ങൾ നടക്കുന്നതിനും കാലതാമസം നേരിടുന്നതിനാൽ മേൽ ഉത്തരവ് പ്രകാരം വകുപ്പിലെ ജീവനക്കാരുടെ കോൺഫിഡൻഷ്യൽ റിപ്പോർട്ടുകൾ ഓൺലൈൻ മുഖേന സമർപ്പിക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കുന്നതിലേയ്ക്കായി മുൻ പ്ലാനിംഗ് & ഡെവലപ്മെന്റ് വിഭാഗം ഇൻഫർമേഷൻ ഓഫീസറും നിലവിൽ ഫീൽഡ് പബ്ലിസിറ്റി വിഭാഗം ഇൻഫർമേഷൻ ഓഫീസറുമായ ശ്രീ.എസ്.ജയകുമാറിനെ നോഡൽ ഓഫീസറായി നിയോഗിച്ച് സൂചന(2) പ്രകാരം ഉത്തരവായിരുന്നു.

മേൽ സാഹചര്യത്തിൽ ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പിലെ ജീവനക്കാരുടെ കോൺഫിഡൻഷ്യൽ റിപ്പോർട്ടുകൾ ഓൺലൈൻ മുഖേന സമർപ്പിക്കുന്നതിനായി ചുവടെ പറയുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

വകുപ്പിലെ ജീവനക്കാർ സമയബന്ധിതമായി അവരവരുടെ കോൺഫിഡൻഷ്യൽ റിപ്പോർട്ടുകൾ SCORE സംവിധാനത്തിലൂടെ ഓൺലൈൻ സബ്മിഷൻ നടത്തുന്നതിനായി വിവരങ്ങൾ www.score.kerala.gov.in എന്ന വെബ് സൈറ്റിൽ ആദ്യം രജിസ്റ്റർ ചെയ്ത് തുടർനടപടികൾക്കായി വകുപ്പിലെ നോഡൽ ഓഫീസർ ഫീൽഡ് പബ്ലിസിറ്റി വിഭാഗം

ഇൻഫർമേഷൻ ഓഫീസർ ശ്രീ.എസ്.ജയകുമാറിനെ ബന്ധപ്പെടേണ്ടതും, കൂടാതെ കോൺഫിഡൻഷ്യൽ റിപ്പോർട്ടുകൾ ഓൺലൈനായി സമർപ്പിക്കുന്നത് സംബന്ധിച്ചുള്ള സംശയനിവാരണത്തിനായി info.score@kerala.gov.in, toll-free നമ്പർ 1800-425-1857 എന്നിവയുമായി ബന്ധപ്പെട്ട് തുടർ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

ഉത്തരവിൻ പ്രകാരം

Signed by Aswathi. S.
Poonkavanam
Date: 01-12-2022 15:20:25
സെക്ഷൻ ഓഫീസർ.

ശ്യാം വി
ഡെപ്യൂട്ടിസെക്രട്ടറി

പകർപ്പ്

വകുപ്പ് ഡയറക്ടറേറ്റിലെ എല്ലാ അഡീഷണൽ ഡയറക്ടർമാർക്കും/
ഡെപ്യൂട്ടി ഡയറക്ടർമാർക്കും/ഇൻഫർമേഷൻ ഓഫീസർമാർക്കും
വകുപ്പിലെ എല്ലാ മേഖലാ ഡെപ്യൂട്ടി ഡയറക്ടർമാർക്കും/എല്ലാ ജില്ലാ ഇൻഫർമേഷൻ ഓഫീസർമാർക്കും
കൾച്ചറൽ ഡവലപ്മെന്റ് ഓഫീസർ,ടാഗോർ തീയേറ്റർ
ഇൻഫർമേഷൻ ഓഫീസർ, ന്യൂ ഡൽഹി ഇൻഫർമേഷൻ ഓഫീസ്,ന്യൂ ഡൽഹി.
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ
(ഔദ്യോഗിക വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ സി.എയ്ക്ക്
ഡയറക്ടറുടെ/അഡീഷണൽ ഡയറക്ടറുടെ സി.എയ്ക്ക്
സ്റ്റോക്ക് ഫയൽ/ഓഫീസ് പകർപ്പ്